

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുറ്റൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി4/1110/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 01/11/2024
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂടൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂടൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂടൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി4/1110/2024 തീയ്യതി: 01/11/2024

പത്തനംതിട്ട ജില്ലയിലെ കൂറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കൂറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-07-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
അനിൽ കുമാർ റ്റി	ഡെപ്യൂട്ടി ഡയറക്ടർ	21-10-2024	29-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-10-2024	29-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ചന്ദ്രശേഖരൻ ജി,ഓഡിറ്റ് ഓഫീസർ
വീണ സി,ഓഡിറ്റ് ഓഫീസർ
ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കാവ്യ കൃഷ്ണൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സഞ്ജു കെ.ജി.	പ്രസിഡന്റ്	01-04-2023	03-01-2024
ശ്രീമതി സാലി കെ ജോൺ (പ്രസിഡന്റ് ഇൻ ചാർജ്)	പ്രസിഡന്റ്	04-01-2024	26-01-2024
ശ്രീമതി അനുരാധ സുരേഷ്	പ്രസിഡന്റ്	27-01-2024	31-03-2024
ശ്രീ ജെറാഡ് എം	സെക്രട്ടറി	01-04-2023	30-04-2023
ശ്രീമതി ബിന്ദു ആർ-സെക്രട്ടറി ഇൻ ചാർജ്	സെക്രട്ടറി	01-05-2023	13-07-2023
ശ്രീമതി ബിന്ദു സി-സെക്രട്ടറി ഇൻ ചാർജ്	സെക്രട്ടറി	14-07-2023	18-07-2023
ശ്രീ അജിത് കുമാർ എ ആർ	സെക്രട്ടറി	19-07-2023	27-11-2023
ശ്രീമതി ബിന്ദു സി-സെക്രട്ടറി ഇൻ ചാർജ്	സെക്രട്ടറി	28-11-2023	06-12-2023
ശ്രീമതി സുനീത ആർ പണിക്കർ	സെക്രട്ടറി	07-12-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബിന്ദു ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	13-07-2023
ശ്രീമതി ബിന്ദു സി	അസിസ്റ്റന്റ് സെക്രട്ടറി	14-07-2023	31-03-2024
ഡോ.പ്രീതി മേരി ഉമ്മൻ	വെറ്റിനറി സർജ്ജൻ	01-04-2023	31-03-2024
ഡോ ആനന്ദ് വി	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	07-08-2023
ഡോ വീണ ആർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	08-08-2023	31-03-2024
ഡോ ലക്ഷ്മി എസ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	31-03-2024
ശ്രീമതി മറിയാമ്മ ജോസഫ്	ഹെഡ്മിസ്ട്രസ്സ്	01-04-2023	31-03-2024
ശ്രീ അനീഷ് ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1	01-04-2023	31-03-2024
ശ്രീ എബ്രഹാം പി എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2	01-04-2023	31-03-2024
ശ്രീമതി സ്വപ്ന ചന്ദ്രൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ വിജയകൃഷ്ണൻ ജി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ഡോ. ജ്യോതീന്ദ്രൻ	മെഡിക്കൽ ഓഫീസർ, പി	01-04-2023	03-07-2023

	എച്ച് സി		
ഡോ ജയന്ത് ജോൺ മത്തായി	മെഡിക്കൽ ഓഫീസർ, പി എച്ച് സി	04-07-2023	31-03-2024
ശ്രീ സന്ദീപ് പി കുമാർ	കൃഷി ഓഫീസർ	01-04-2023	26-09-2023
ശ്രീ താരാ മോഹൻ	കൃഷി ഓഫീസർ	27-09-2023	31-03-2024
ശ്രീമതി ശില്പ പ്രദീപ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി ബിന്ദുദേവി ജി.	ഡയറി ഫക്സ്റ്റൻഷൻ ഓഫീസർ(ഇൻ ചാർജ്)	01-04-2023	26-08-2023
ശ്രീമതി ആതിര അർ എൽ	ഡയറി ഫാം ഇൻസ്ട്രക്ടർ	27-08-2023	10-09-2023
ശ്രീ ശ്രീജിത്ത് എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	11-09-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-3
5	ബാലൻസ് ഷീറ്റിലെ ബാധ്യത തുകയ്ക്ക് കൃത്യതയില്ല.	1-1-4
6	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-1-5
7	Advance To Implementing Officers എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് കൃത്യമല്ല	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം	1-3
10	ഗ്രാന്റ് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	തൊഴിലുറപ്പ് പദ്ധതി	1-6
13	ക്ഷേമ പെൻഷൻ	1-7
14	ക്യാഷ് ബാലൻസ് പരിശോധന	1-8
15	ആഭ്യന്തര നിയന്ത്രണം	1-9
16	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
17	വസ്തു നികുതി പുനർ നിർണ്ണയം - നടപടികൾ പൂർത്തിയായില്ല	1-11
18	തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്	1-12
19	പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ - ബൈലോ തയ്യാറാക്കിയിട്ടില്ല	1-13
20	വാടക കുടിശിക 6.61 ലക്ഷം രൂപ പിരിച്ചെടുത്തില്ല	1-14
21	സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയിട്ടില്ല	1-15
22	മരണപ്പെടുന്ന ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല-സർക്കാർ ഖജനാവിന് 14,400 രൂപയുടെ നഷ്ടം	1-16
23	ഭരണസമിതി യോഗനടപടികളുടെ മിനിട്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല	1-17
24	നികുതി പിരിവിലെ വീഴ്ച - വികസന ഫണ്ടിന്റെ സ്രോതസ്സിൽ നിന്നും 1.14 ലക്ഷം രൂപ കുറവ് ചെയ്തു	1-18
25	കിടപ്പു രോഗികൾക്കുള്ള ആരോഗ്യ സാന്ത്വന പരിചരണ പദ്ധതി - മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കുന്നില്ല, പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയില്ല	1-19
26	പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിൽ വീഴ്ച	1-20
27	പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയതു വഴി പ്രതിവർഷം 28.8 ലക്ഷം രൂപയുടെ നേട്ടം	1-21

28	മുൻകൂറുകൾ ക്രമീകരിച്ചില്ല	1-22
29	ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല	1-23
30	ലൈബ്രറി സെസ്സ് - തുക ഒടുക്കാൻ അവശേഷിക്കുന്നു	1-24
31	ആർ ടാക്ക് സർവ്വേ പൂർത്തീകരിച്ചില്ല	1-25
32	ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകിയില്ല	1-26
33	അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കിയില്ല	1-27
34	ലൈഫ് ഭവന നിർമ്മാണ പദ്ധതി - നാല് വർഷമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	1-28
35	ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ആവിഷ്കരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം കാര്യക്ഷമമല്ല	1-29
36	ഡിപ്പോസിറ്റ് പ്രവൃത്തികൾ- 1.19 കോടി രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ അവശേഷിക്കുന്നു	1-30
37	അംഗനവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ - അവലോകനം	1-31
38	വാതിൽപ്പടി സേവനം ലഭ്യമാക്കിയില്ല	1-32
39	ഹെൽത്ത് ഗ്രാന്റ് വിനിയോഗം 27.9 ശതമാനം മാത്രം	1-33
40	പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വീഴ്ച	1-34
41	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ - അവലോകനം	1-35
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	മരണമടഞ്ഞ സാമൂഹ്യ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തില്ല – സർക്കാർ ഖജനാവിന് 14,400 രൂപയുടെ നഷ്ടം	3-1
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കൂറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31/03/2024 തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 06/06/2024 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 10/06/2024-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും, ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൂറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
01/11/2024

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

1-1-3 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

നികുതി നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല. വർഷാരംഭത്തിൽ തലേവർഷം വരെയുള്ള ഡിമാന്റുകളും തുടർന്നുണ്ടാകുന്ന ഡിമാന്റുകൾ എല്ലാ മാസവും രേഖപ്പെടുത്തുന്നില്ല.

1-1-4 ബാലൻസ് ഷീറ്റിലെ ബാധ്യത തുകയ്ക്ക് കൃത്യതയില്ല.

ഷെഡ്യൂൾ B-4 Code-320200208-Fund For Transferred Institutions എന്ന ശീർഷകത്തിൽ 831756 രൂപ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ളത് കൃത്യമല്ല. തൻവർഷം ഹോമിയോ ഡിസ്പെൻസറി അറ്റകുറ്റപ്പണികൾക്ക്-(പ്രോജക്ട്-136/24) ചെലവഴിച്ച 232724 രൂപയും ആയുർവേദ ഡിസ്പെൻസറി അറ്റകുറ്റപ്പണികൾക്ക് (പ്രോജക്ട് നമ്പർ 137/24) ചെലവഴിച്ച 279530 രൂപയും ഉൾപ്പെടെ ആകെ 512254 രൂപ പ്രസ്തുത ഹെഡിലെ നീക്കിയിരിപ്പിൽ കുറവു വരുത്തിയിട്ടില്ല.

1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ B-11-Fixed Asset-പ്രസ്തുത ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രീതിയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-1-6 Advance To Implementing Officers എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് കൃത്യമല്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-code-460500501- Advance To Implementing Officers എന്ന ശീർഷകത്തിൽ 106147 രൂപ നീക്കിയിരിപ്പ് ഉൾപ്പെടുത്തിയത് കൃത്യമല്ല.

1-2 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ്, ജനറൽ കമ്മറ്റിയുടെ 18.03.2023 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 154044043 രൂപയും, പ്രതീക്ഷിത ചെലവ് 151828000 രൂപയുമാണ്. വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ബജറ്റിന് 12.02.2024-ലെ കമ്മറ്റി, 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകി.

1-3 സാമ്പത്തിക വിശകലനം

ഇനം	റസീപ്റ്റ് & പെയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം
മുന്നിരിപ്പ്	12505054	
ഓഡിറ്റ് വർഷത്തെ വരവ്	30458307	93113013
ആകെ വരവ്	42963361	
ഓഡിറ്റ് വർഷത്തെ ചെലവ്	31670732	106798083
നീക്കിയിരിപ്പ്	11292629	

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ലാപ്സായത്/ നീക്കിയിരിപ്പ്
വികസനഫണ്ട്-ജനറൽ	0	11376090	11376090	8889779	2486311
വികസനഫണ്ട്-എസ്.സി.പി	0	6470000	6470000	4596666	1873334
മെയിന്റനൻസ്	0	7056000	7056000	2486171	4569829

ഫണ്ട്-റോഡ്					
മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്	0	2666000	2666000	2442091	223909
സി.എഫ്.സി-ടൈഡ്	4919205	1427000	6346205	2980878	3365327
സി.എഫ്.സി-ബേസിക്	629257	1903000 144319(പലിശ)	2676576	573000	2103576

കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഐ.സി.ഡി.എസ്.	906821	1069357	1976178	1120986	855192
ശുചിത്വ മിഷൻ	669134	5000	674134	24792	649342
ഹെൽത്ത് ഗ്രാന്റ് (1)	121640	806106	927746	118447	809299
ഹെൽത്ത് ഗ്രാന്റ് (2)	11997	344617	356614	240000	116614
ലൈഫ്-സ്റ്റേറ്റ് ഷെയർ	0	4200000	4200000	3280000	920000
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	301	18476085	18476386	18474832	1554

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ വിഭാഗങ്ങളിൽ നിന്ന് സ്രോതസ്സിൽ കുറവുചെയ്ത തുക വരവിൽ (അലോട്ട്മെന്റിൽ) ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ഇനം (സോഴ്സ് ഡിഡക്ഷൻ)	വരവ് തുക
വികസനഫണ്ട് – ജനറൽ	ലൈഫ് മിഷൻ വായ്പാ തിരിച്ചടവ്	159899
വികസനഫണ്ട് – ജനറൽ	അങ്കണവാടി അധിക വേതനം	876000
വികസനഫണ്ട് – എസ്.സി.പി.	ലൈഫ് മിഷൻ വായ്പാ തിരിച്ചടവ്	327296

1-5 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	നടപ്പാക്കിയ പ്രോജക്ടുകൾ	നടപ്പാക്കാത്തവ	നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം
176	82103687	32640860	92	84	52

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവഴിച്ച തുക
1	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	4	2	500000	350000
2	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	12	6	3552005	1972964
3	കൃഷി ഓഫീസർ	5	4	2445630	706000
4	സെക്രട്ടറി	42	24	5192764	3133794
5	വെറ്ററിനറി സർജൻ	3	3	675400	67540
6	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	21	12	34066163	12963985
7	സബ് ഇൻസ്പെക്ടർ ഓഫ്	2	2	60000	31000

	ഫിഷറീസ്				
8	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	8	8	4867401	3288137
9	ഡയറിഫാം ഇൻസ്ട്രക്ടർ	2	2	734013	149107
10	അസിസ്റ്റന്റ് സെക്രട്ടറി	3	2	1313920	1091920
11	ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.സ്കൂൾ	8	4	660300	348375
12	അസിസ്റ്റന്റ് എഞ്ചിനീയർ	64	22	26337896	7680178
14	മെഡിക്കൽ ഓഫീസർ, ഹോമിയോ	2	1	335000	250000
ആകെ		176	92	82103687	32640860

1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ വരവ് – ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	301	1045322	1045623	1044069	1554
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	17430763	17430763	17430763	0
ആകെ	301	18476085	18476386	18474832	1554

1-7 ക്ഷേമ പെൻഷൻ

പെൻഷൻ ഇനം	ചെലവ്	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാല പെൻഷൻ	6527100	1882
വിധവാ പെൻഷൻ	6527100	630
കർഷക തൊഴിലാളി പെൻഷൻ	1561000	127
മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ	2190100	192
അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	164200	14

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2024 11.30 A.m.-ന് സ്ഥാപനത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. **209** രൂപ നീക്കിയിരിപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. നിലവിലുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലെ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. ഇതു പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. പൊതുജനങ്ങൾക്ക് സഹായകമായ രീതിയിൽ നോട്ടീസ് ബോർഡുകൾ, പരാതിപ്പെട്ടി എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഹാജർ, ജോലി വിഭജനം, ക്യാഷ്-ഇൻ-ഹാൻഡ് എന്നിവ സംബന്ധിച്ച രേഖകൾ കൃത്യമായി പരിപാലിച്ചിട്ടുണ്ട്. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഒരു ടേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാൻ സാധിച്ചിട്ടുണ്ട്. രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ജീവനക്കാരുടെ കുറവ് ഓഫീസിന്റെ ദൈനംദിന

പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. ILGMS-ൽ ലഭ്യമായ കണക്കുകൾ പ്രകാരം ഓഡിറ്റ് തീയതിയായ 26.10.24-ൽ 801 ഫയലുകളിൽ നടപടി പൂർത്തിയാക്കാനുണ്ട്. ഇതിൽ 251 എണ്ണം സർവ്വീസ് ഡെലിവറി ഡേറ്റ് കഴിഞ്ഞിട്ടും നടപടി പൂർത്തിയാകാത്തവയാണ്.

ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നുണ്ട്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ ചർച്ചകൾ, തീരുമാനങ്ങൾ എന്നിവയുടെ വിശദ വിവരം മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തുന്നില്ല. ഗ്രാമസഭ യോഗങ്ങളിൽ കപാറം തികയാതെ വന്നതിനാൽ യോഗങ്ങൾ മാറ്റി വയ്ക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഗ്രാമസഭയുടെ പ്രാധാന്യം സംബന്ധിച്ച സന്ദേശം പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന നടപടികൾ സ്വീകരിക്കേണ്ടതാണ്. സകർമ്മ ആപ്ലിക്കേഷൻ മുഖേന ഭരണസമിതി യോഗങ്ങളുടെ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ വലിയ കാലതാമസം വന്നിട്ടുണ്ട്. ഡാറ്റാ എൻട്രിയിലെ ന്യൂനത കാരണം പല ഭരണസമിതി തീരുമാനങ്ങളും സകർമ്മ ആപ്ലിക്കേഷനിൽ ലഭ്യമാകുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	25.01.2014	2008-09 മുതൽ 2012-13 വരെ	18.02.2024

1-11 വസ്തു നികുതി പുനർ നിർണ്ണയം - നടപടികൾ പൂർത്തിയായില്ല

വസ്തുനികുതി നിർണ്ണയത്തിനുശേഷം തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വന്നിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടപ്പാകാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. വസ്തുനികുതി നിർണ്ണയത്തിനുശേഷം തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റംവന്നിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയത്തിന് സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17-ൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ, ഇപ്രകാരമുള്ള നികുതി നഷ്ടം പരിഹരിക്കുന്നതിനായി ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന് ജി.ഒ.(എം.എസ്.)നം.77/2023/തസ്വഭവ തീയതി 22.03.2023 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുമുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ, ഐ.ടി.ഐ യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതും ഒരു കെട്ടിട നമ്പരിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽനിന്ന് വിനിയോഗിക്കാവുന്നതുമാണ്. ഇപ്രകാരം മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തിയാക്കി വസ്തുനികുതി പുനർ നിർണ്ണയം നടത്തിയത്തിന്റെ പുരോഗതി വിവരം ആരാഞ്ഞു സഞ്ചയയിൽ നല്കിയ ഓഡിറ്റ് എൻകുയറിക്ക് മറുപടിയായി, പഞ്ചായത്തിലെ 1,2,4,5,6,7 വാർഡുകളിലെ വിവര ശേഖരണം നടത്തി റിപ്പോർട്ട് നല്കിയിട്ടുണ്ടെന്നും അവശേഷിക്കുന്ന വാർഡുകളിലെ വിവര ശേഖരണം നടന്ന് വരുന്നതായും സെക്രട്ടറി അറിയിച്ചു. വിവര ശേഖരണവും നികുതി പുനർനിർണ്ണയവും പൂർത്തീകരിക്കുന്നതിനാവാശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നുണ്ട്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും, അർദ്ധവാർഷിക തൊഴിൽ നികുതി റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന കണ്ടു.

ക്രമ നം	സ്ഥാപനം	അർദ്ധവർഷം
1	ചേതക് മോട്ടോർസ്, കൂറ്റൂർ	രണ്ടാം അർദ്ധവർഷം

2	ജെ & ബി എഞ്ചിനീയറിംഗ് വർക്ക്സ്, കൂറ്റൂർ	രണ്ടാം അർദ്ധവർഷം
3	ക്രൌൺ പവർ സിസ്റ്റം, കൂറ്റൂർ	ഒന്നാം അർദ്ധവർഷം
4	ടോഡി ഷോപ്പ്, കൂറ്റൂർ	ഒന്നും രണ്ടും അർദ്ധവർഷം

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ വ്യക്തികളിൽനിന്നും, സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്ന എന്ന ഉറപ്പ വരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-13 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ - ബൈലോ തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ കമ്മ്യൂണിറ്റി ഹാളിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബൈലോ നിലവിലില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.7/23-10-2024) മറുപടിയായി ഓഫീസ് രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നടത്തിപ്പിനായുള്ള ബൈലോ ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ വാടക പിരിവ് സംബന്ധിച്ച നിബന്ധനകൾ, ഇളവ് നല്കേണ്ട സാഹചര്യങ്ങൾ എന്നിവയുള്ള വ്യവസ്ഥകൾ നിലവിലില്ല. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നടത്തിപ്പിനായുള്ള ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-14 വാടക കുടിശിക 6.61 ലക്ഷം രൂപ പിരിച്ചെടുത്തില്ല

ഗ്രാമപ്പഞ്ചായത്തിലെ കടമുറികളുടെ വാടകയിനത്തിൽ ഗണ്യമായ തുക പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ 6.61 ലക്ഷം രൂപയാണ് കുടിശ്ശിക. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	കുടിശ്ശിക വരുത്തിയ വാടകക്കാരുടെ പേര്, വിലാസം	കുടിശ്ശിക വരുത്തിയ കാലയളവ്	കുടിശ്ശിക തുക (രൂപ)
1	ഗോപാലകൃഷ്ണൻ എം.എൻ.	2017-18	78448
2	സുജാത കുമാർ	2017-18	37132
3	പി.എം. വർഗീസ്/രാജു വാനിയപ്പുരയ്ക്കൽ	2017-18	33000
4	അജിമോൻ വർഗ്ഗീസ് ജോര്ജ്	2018-19	338940
5	ഫിറോസ്	2022-23	125736
6	ഉദയകുമാർ	2022-23	21200
7	സുധ	2022-23	14208
8	സുറുമി ബഷീർ	2022-23	12400
		ആകെ	661064

കുടിശ്ശിക തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഓഡിറ്റ് എൻകൃയറിക്ക് (07/23.10.2024) മറുപടി ലഭ്യമാക്കി. തുടർ നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-15 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയിട്ടില്ല

സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റിയത് തിരികെ ഈടാക്കിയിട്ടില്ല. സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുന്ന ചുവടെ ചേർക്കുന്ന വ്യക്തികൾ അനർഹമായി കൈപ്പറ്റിയ ക്ഷേമ പെൻഷൻ നാളിതുവരെ തിരിച്ചടവാക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനു ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 06/08/2022-ലെ പി.എ.എൻ/2566/2020-ഡിബിറ്റി1(ഡി.പി) നമ്പർ കത്തിൽ നിർദ്ദേശിച്ചിരുന്നു. ടി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 12.06.2023-ന് 3-ാം നമ്പറായി പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിരുന്നു. പെൻഷൻ അനർഹമായി കൈപ്പറ്റിയതിൽ തുക തിരിച്ചടയ്ക്കാനുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ	പെൻഷൻ	പേര്	ആശ്രിതൻറെ	മേൽവിലാസം	തുക

നം	ഐ.ഡി.		പേര്		
1	103800100341	അമ്മിണി ലാസർ	അമ്മിണി ലാസർ	കുടവശ്ശേരിൽ, തെങ്ങേലി പി.ഓ, തിരുവല്ല	94620
2	103800200183	അമ്മിണി കൊച്ചുകുട്ടി	അമ്മിണി കൊച്ചുകുട്ടി	കല്ലേലിൽ വീട്, കുറ്റൂർ പി.ഓ., തിരുവല്ല	68200
3	103800201181	ജോസഫ് ഏബ്രഹാം	ബിറ്റു ജോസഫ്	മണലിൽ വീട് കുറ്റൂർ പി.ഓ., തിരുവല്ല	30400
				ആകെ	193220

അനധികൃതമായി കൈപ്പറ്റിയ പെൻഷൻ തുക മേൽ ചേർത്തിട്ടുള്ളവരിൽ നിന്നും തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതായി ഓഡിറ്റ് എൻകൃയറിക്കുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-16 മരണപ്പെടുന്ന ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല-സർക്കാർ ഖജനാവിന് 14,400 രൂപയുടെ നഷ്ടം

പഞ്ചായത്തിൽനിന്നും സാമൂഹ്യ ക്ഷേമപെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ അവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്ന ഉത്തരവാദിത്തം പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ഇത് സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടും പെൻഷൻ സസ്പെൻറ് ചെയ്യാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്/ വിവരം	പെൻഷൻ ഐ.ഡി	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	മരണ രജിസ്ട്രേഷൻ നം./തീയതി	പെൻഷൻ സ്റ്റാറ്റസ്	അനർഹമായ കാലയളവ്	അനർഹമായി ക്രെഡിറ്റ് ചെയ്ത തുക
1	പൌലോസ് വി.ജി. 2/114, വെട്ടിക്കാട്ടിൽ വീട്, വെൺപാല	103800201420	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	27/06/2023	75/2023 21/07/2023	ആക്റ്റീവ്	07/23-05/24	17600
2	ശോശാമ്മ കുര്യാക്കോസ് 12/58, ആക്കൽ വീട്, തലയാർ, കുറ്റൂർ	103800201076	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	22/12/2023	7/24 10/01/2024	ആക്റ്റീവ്	01/24-05/24	8000
3	മറിയാമ്മ പൌലോസ് 2/233, മുളവേലിൽ വീട്, വെൺപാല, കുറ്റൂർ	103800200306	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	03/12/2023	125/23 22/12/2023	ആക്റ്റീവ്	01/24-05/24	തുക കൈമാറിയിട്ടില്ല
4	എം സി വാസു 14/48, കോങ്കരമാലിൽ പുത്തുവൽ, വെൺപാല	103800201610	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	08/01/2024	17/04/2024	ആക്റ്റീവ്	02/24-05/24	6400
5	ദേവകിഅമ്മ കെ.കെ. 12/512, ചെട്ടിപ്പറമ്പിൽ വടക്കേതിൽ, തലയാർ, കുറ്റൂർ	103800200782	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	06/05/2024	69/24 31/05/2024	ആക്റ്റീവ്		തുക കൈമാറിയിട്ടില്ല
6	സി.ഒ. തോമസ്	103800200838	ഇന്ദിരാ ഗാന്ധി	21/07/2024	95/24 17/08/2024	ആക്റ്റീവ്		തുക

	12/35, ചെട്ടിയാറ, കൂറ്റൂർ		ദേശീയ വാർദ്ധക്യകാല പെൻഷൻ					കൈമാറിയിട്ടില്ല
	ആകെ							**32000**

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസം തന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. 05.11.2020-ലെ സർക്കുലർ നം.67/2020/ധന. പ്രകാരം മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ടി വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻകയറി (നം.26/26.10.2024) നല്കിയതിനെ തുടർന്ന് ക്രമ നം.1-ലെ ഗുണഭോക്താവിന്റെ അനന്തരാവകാശികൾ കൈപ്പറ്റിയ പെൻഷൻ തുക തിരികെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ അടവാക്കി അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുക (14400) ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നോ, മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അനന്തരവകാശികളിൽനിന്നോ തിരികെ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-17 ഭരണസമിതി യോഗനടപടികളുടെ മിനിട്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2023-24 സാമ്പത്തിക വർഷത്തെ യോഗ നടപടികളുടെ മിനിട്സ് പൂർത്തീകരിക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ചിട്ടില്ല. പഞ്ചായത്ത് കമ്മറ്റി യോഗം അവസാനിച്ച് മൂന്ന് ദിവസത്തിനുള്ളിൽ യോഗ നടപടിക്കുറിപ്പുകളുടെ നക്കൽ തയ്യാറാക്കി സെക്രട്ടറി, അദ്ധ്യക്ഷന്റെ അംഗീകാരത്തിനു സമർപ്പിക്കേണ്ടതാണെന്ന് 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(8)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. സെക്രട്ടറി തയ്യാറാക്കിയ യോഗ നടപടിക്കുറിപ്പിന്റെ നക്കൽ അദ്ധ്യക്ഷനു ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തൽ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതാണെന്ന് ചട്ടം 26(9)-ലും പറഞ്ഞിട്ടുണ്ട്. എന്നാൽ മിനിട്സ് തയ്യാറാക്കി അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി അയയ്ക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. സകർമ്മ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	യോഗ തീയതി	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി
1	20-04-2023	29-04-2023
2	08-05-2023	16-06-2023
3	16-05-2023	06-07-2023
4	29-05-2023	11-07-2023
5	27-05-2023	11-07-2023
6	15-07-2023	23-08-2023
7	22-08-2023	11-10-2023
8	21-09-2023	16-10-2023
9	03-10-2023	04-01-2024
10	04-11-2023	15-12-2023
11	07-12-2023	06-02-2024
12	30-12-2023	12-04-2024
13	28-01-2024	10-03-2023
14	06-02-2024	10-03-2023
15	23-02-2024	20-04-2024
16	02-03-2024	20-04-2024

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകവയറിക്ക് മറുപടിയായി വിവിധ സോഫ്റ്റ്വെയറുകളിലെ അപേക്ഷ പരിശോധിച്ച് തീർപ്പ് കല്പിക്കേണ്ടതിനാലും സകർമ്മ സോഫ്റ്റ്വെയർ ചില സമയങ്ങളിൽ ലഭ്യമല്ലാത്തതിനാലുമാണ് മിനിട്സ് പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളതെന്നും തുടർ യോഗങ്ങളുടെ മിനിട്സ് പഞ്ചായത്ത് രാജ് പ്രകാരമുള്ള സമയപരിധിക്കകം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. യോഗനടപടികളുടെ മിനിട്സ് ചട്ട പ്രകാരമുള്ള സമയപരിധിക്കകം പൂർത്തീകരിക്കേണ്ടതാണ്. ടി വിഷയത്തിലേക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-18 നികുതി പിരിവിലെ വീഴ്ച - വികസന ഫണ്ടിന്റെ സ്രോതസ്സിൽ നിന്നും 1.14 ലക്ഷം രൂപ കുറവ് ചെയ്തു

ആറാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാദേശിക സർക്കാരുകളുടെ നികുതി പിരിവ് ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90%-ൽ കുറവാണെങ്കിൽ അപ്രകാരമുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പൊതു വിഭാഗം വികസന ഫണ്ടിൽ ഒരു ശതമാനം തുക കുറവ് വരുത്തുന്നതിന് 18.10.2022-ലെ സ.ഉ.(കൈ)നം.179/2022/ധന. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ നികുതി പിരിവ് ഡിമാന്റ് ചെയ്യപ്പെട്ടതിന്റെ 90%-ൽ കുറവ് ആയതിനാൽ 2023-24 വർഷം അനുവദിച്ച പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 1,14,910 രൂപ കുറവ് വരുത്തിയിട്ടുണ്ട്. നികുതി പിരിവ് 90% ൽ കുറഞ്ഞാൽ ഗ്രാന്റ് തുക നഷ്ടമാകുന്ന സാഹചര്യത്തിൽ നികുതി വരവുകൾ 100% പിരിച്ചെടുക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-19 കിടപ്പു രോഗികൾക്കുള്ള ആരോഗ്യ സാന്ത്വന പരിചരണ പദ്ധതി - മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കുന്നില്ല, പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയില്ല

പ്രോജക്ട് നം : 15 / 24
അടങ്കൽ : 50000 (വികസന ഫണ്ട്)
നിർവ്വഹണം : മെഡിക്കൽ ഓഫീസർ ആയുർവേദം

2023-24 സാമ്പത്തിക വർഷം, **'അരികെ'** എന്ന പേരിൽ ആവിഷ്കരിച്ച കിടപ്പു രോഗികൾക്കായുള്ള ആരോഗ്യ സാന്ത്വന പരിചരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഔഷധിയിൽ നിന്നും 50000 രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. സമാന പദ്ധതി 2021-22, 2022-23 വർഷങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുട ഭാഗമായി വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്ററും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) **മുൻ വർഷങ്ങളിൽ നീക്കിയിരുപ്പ് ഉണ്ടായിരുന്ന മരുന്നുകൾ 2023-24 വർഷം മുന്നിരിപ്പിൽ ഉൾപ്പെടുത്തിയില്ല**

2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിൽ വാങ്ങിയ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ പ്രത്യേകം ഭാഗങ്ങളിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഓരോ ഇനം മരുന്നിന്റെയും മുൻവർഷങ്ങളിലെ നീക്കിയിരുപ്പ് തൊട്ടടുത്ത സാമ്പത്തിക വർഷത്തിലേക്ക് ക്യാരിഓവർ ചെയ്തിട്ടില്ല. ഇക്കാരണത്താൽ മരുന്നുകളുടെ നിലവിലുള്ള നീക്കിയിരുപ്പിന്റെ കൃത്യമായ വിവരം ലഭ്യമല്ല. ഉദാഹരണമായി സ്റ്റോക്ക് രജിസ്റ്ററിലെ പേജ് 9-ൽ 2021-22 വർഷം വാങ്ങിയ അരിഷ്ടത്തിന്റെ നീക്കിയിരപ്പ് 76 Bottle എന്നും, പേജ് 56-ൽ 2022-23 വർഷം വാങ്ങിയ അരിഷ്ടത്തിന്റെ നീക്കിയിരപ്പ് 100 Bottle എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത വർഷങ്ങളിൽ ആകെ നീക്കിയിരിപ്പുള്ള 176 Bottle അഭയാരിഷ്ടത്തിന്റെ വിവരം പേജ് 56-ൽ 2023-24 ലെ മുന്നിരുപ്പിലും നീക്കിയിരിപ്പിലും ഉൾപ്പെടുത്തിയിട്ടില്ല. 2023-24-ലെ നീക്കിയിരിപ്പ് 224 Bottle-ന പകരം 48 Bottle എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2) പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ മോണിട്ടർ ചെയ്തിട്ടില്ല

പദ്ധതിയുമായി ബന്ധപ്പെട്ട മരുന്ന വാങ്ങൽ സമയബന്ധിതമായി നടത്തിയിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിലും ആയതു മോണിട്ടർ ചെയ്യുന്നതിലും വീഴ്ച വന്നിട്ടുണ്ട്. 2022-23-ൽ ഇതേ പദ്ധതിയ്ക്കായി വാങ്ങിയ മരുന്നുകൾ ഭാഗികമായി മാത്രമാണ് വിതരണ ചെയ്തിട്ടുള്ളത്. 2023-24-ൽ വാങ്ങിയ മരുന്നുകളൊന്നും തന്നെ നാളിതു വരെ രോഗികൾക്ക് വിതരണം ചെയ്തിട്ടില്ല. കിടപ്പു രോഗികൾ ഗുണഭോക്താക്കളായതിനാൽ സേവനം അവരിലേക്ക് എത്തുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ആയിരുന്ന പദ്ധതിയുടെ മോണിട്ടറിംഗ് നിർവ്വഹിക്കേണ്ടിയിരുന്നത്. എന്നാൽ മോണിട്ടറിംഗ് നടത്തുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.

ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/23.10.24)

സ്റ്റോക്ക് രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിക്കുന്നതാണെന്നും, മരുന്നുകൾ വാങ്ങൽ നടത്തിയ ക്രമത്തിൽ വിതരണം ചെയ്ത് വരുന്നതായും മെഡിക്കൽ ഓഫീസർ മറുപടി നൽകി. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കുന്നതിനും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും, ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-20 പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിൽ വീഴ്ച

2023-24-ൽ നടപ്പിലാക്കിയ പദ്ധതികളുടെ മോണിട്ടറിംഗിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെട്ടിട്ടുണ്ടോയെന്ന് നിരീക്ഷിച്ചിട്ടില്ലെന്നാണ് കണ്ടത്.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ [സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19/04/2022] ഖണ്ഡിക 14-ൽ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിന്റെ ആവശ്യകത, നടപടി ക്രമങ്ങൾ എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് മോണിട്ടറിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണ ഘട്ടത്തിലും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മോണിട്ടറിംഗ് കമ്മിറ്റിയ്ക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണ ഉദ്യോഗസ്ഥനു നൽകാവുന്നതാണ്. പദ്ധതികൾ ലക്ഷ്യം കൈവരിച്ചതു സംബന്ധിച്ച് പ്രാദേശിക തലത്തിൽ വിലയിരുത്തൽ നടത്തുന്നതിലും ഗുണമേന്മ ഉറപ്പാക്കുന്നതിലും മോണിട്ടറിംഗ് കമ്മറ്റികൾക്കുള്ള പ്രാധാന്യം കണക്കിലെടുത്ത്, അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയതു വഴി പ്രതിവർഷം 28.8 ലക്ഷം രൂപയുടെ നേട്ടം

ഗ്രാമപഞ്ചായത്തിലെ 203 ടാപ്പുകളുടെ കുടിവെള്ളക്കരം ഇനത്തിൽ 2024 ഫെബ്രുവരി വരെ 246290 രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഉപയോഗ ശൂന്യമായ ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിന് 2023-24-ൽ പദ്ധതി ആവിഷ്കരിച്ച് (പ്രോ.നം.188/24) 292600 രൂപ 10.01.24-ൽ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. 196 ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിനാണ് തുക ഒടുക്കിയത്. 2024 ഏപ്രിൽ മുതൽ 22 ടാപ്പുകളായി കുറയുകയും തുടർന്ന് ജൂലൈ മുതൽ 5 ടാപ്പുകളായി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ 5 ടാപ്പുകളുടെ ഡിമാന്റ് തുകയായ 6066 രൂപയാണ് ഒടുക്കിവരുന്നത്. ഇതു വഴി ഗ്രാമപഞ്ചായത്തിന് വാട്ടർ ചാർജ്ജ് ഇനത്തിൽ പ്രതിവർഷം 28.83 ലക്ഷം രൂപ സേവ് ചെയ്യാൻ കഴിഞ്ഞത് നേട്ടമാണ്.

2024 ഒക്ടോബർ മാസത്തിൽ, വാട്ടർ ചാർജ്ജ് 12 ടാപ്പുകൾക്കു 14559 രൂപയായി വർദ്ധിച്ചിട്ടുണ്ട്. വാട്ടർചാർജ്ജ് വർദ്ധിക്കാനിടയായ സാഹചര്യം സംബന്ധിച്ച് നൽകിയ കത്തിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടെലഫോൺ മുഖേന ആവശ്യപ്പെട്ടതനുസരിച്ച് 1, 2 വാർഡുകളിലെ 7 ടാപ്പുകൾ പുനസ്ഥാപിച്ചത് മൂലമാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വാർഡുകളിലെ ടാപ്പുകൾ ഒഴിവാക്കിയാണ് സംയുക്തപരിശോധന നടത്തിയത് എന്നതിനാൽ ഏഴ് ടാപ്പുകൾ പുനസ്ഥാപിക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (18/24 Dtd 25.10.24) മറുപടി ലഭിച്ചില്ല. അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി പൊതുടാപ്പുകൾ പൂർണ്ണമായും ഒഴിവാക്കുന്നത് പഞ്ചായത്തിന്റെ ഉത്തമ താൽപര്യത്തിന് അനുഗുണമായിരിക്കും.

വാട്ടർ ചാർജ് കുടിശ്ശിക ഒടുക്കുവരുത്തുന്നില്ല - പഞ്ചായത്തിന് 5.59 ലക്ഷം രൂപയുടെ ബാധ്യത

2024 മാർച്ച് വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക 559191 രൂപ ഒടുക്കിയിട്ടില്ലെന്ന് കാണുന്നു. കുടിശ്ശികയിന്മേൽ വാട്ടർ അതോറിറ്റി പ്രതിമാസം 2% പലിശയാണ് ചുമത്തുന്നത്. കുടിശ്ശിക ഒടുക്കുവരുത്താതിരിക്കുന്നത് പഞ്ചായത്തിന് സമീപ ഭാവിയിൽതന്നെ വൻ ബാധ്യതയായി മാറും. 06-06-2022-ലെ സ.ഉ.(കൈ)നം.119/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം KWA, KSEB എന്നിവയ്ക്ക് നൽകാനുള്ള തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയിൽ നിന്നും നൽകേണ്ട ആദ്യ ഇനം ആക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഭരണസമിതിയെ അറിയിച്ചുകൊണ്ട് ഈ തുക യഥാസമയം അടയ്ക്കേണ്ട ഉത്തരവാദിത്തം തദ്ദേശസ്ഥാപന സെക്രട്ടറിയ്ക്കാണ്. തുക അടയ്ക്കുന്നതിൽ അകാരണമായി വരുന്ന കാലതാമസത്തിനുള്ള പിഴ

സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായിരിക്കുന്നതാണ്. ടി വിഷയത്തിൽ അടിയന്തിര ഇടപെടൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1-22 മൻകൂറുകൾ ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി മുൻവർഷങ്ങളിൽ അനുവദിച്ച മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല എന്നു കാണുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരം 155876 രൂപയാണ് ഇത്തരത്തിൽ ക്രമീകരിക്കാനുള്ളത്. 14.08.20 മുതൽ 23.10.20 വരെയുള്ള കാലയളവിൽ സാക്ഷരതാ പ്രേരകിനുള്ള ഹോണറേറിയം, കോവിഡ് അനുബന്ധ ചെലവുകൾ എന്നിവക്ക് അനുവദിച്ച തുകയാണ് ഇത്തരത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നത്. തുകയുടെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ പേജ് നമ്പർ 50 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുക ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാരോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിക്കാത്തത് കാരണം അടിയന്തിര ധനസഹായം ആവശ്യമായ വ്യക്തികൾക്ക് യഥാസമയം ധനസഹായം ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.08.24 ലെ 2-ാം നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും പേരിൽ തിരുമൂലപുരം SBI ശാഖയിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-24 ലൈബ്രറി സെസ്സ് - തുക ഒടുക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2023-24-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 347491 രൂപ അടയ്ക്കുവാൻ അവശേഷിക്കുന്നുണ്ട്. ഈ തുകയിൽ 2022-23 മുതൽ 2023-24 ഒന്നാം അർദ്ധ വർഷം വരെ പിരിച്ചെടുത്ത 215025 രൂപ 2024-25 സാമ്പത്തിക വർഷം (21-08-2024-ൽ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടച്ചിട്ടുണ്ട്. ബാലൻസ് തുകയായ 132466 രൂപ നാളിതുവരെ ഒടുക്കിയിട്ടില്ല എന്നു കാണുന്നു. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ്, രണ്ട് ഗഡുക്കളായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30-നകവും രണ്ടാം ഗഡു നവംബർ 30-നകവും അടവാക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കുന്നതുമാണെന്ന് സർക്കുലർ നമ്പർ 10088/എൽ.3/05/ത.സ്വ.ഭ.വ തീയതി 20-09-2015 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. വസ്തുനികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് യഥാസമയം ഒടുക്കുവരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-25 ആർ ടാക്ക് സർവ്വേ പൂർത്തീകരിച്ചില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 27.03.2024-ലെ LSGD/PD/55564/2023-DB5 നമ്പർ സർക്കുലർ പ്രകാരം ആർ-ടാക്കിൽ ലഭ്യമായിട്ടുള്ള ഡാറ്റയ്ക്ക് അനുസരിച്ച് മാത്രമേ 2024-25 വർഷം മുതൽ മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുകയുള്ളൂ എന്നും 2024 മെയ് മാസത്തിനകം ആർ-ടാക്കുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. 06.9.2024-ലെ 2(2)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 2,6,10 വാർഡുകളിലായി സാങ്കേതിക തടസ്സം മൂലം സർവ്വേ നടത്താൻ അവശേഷിക്കുന്ന 4 റോഡുകളുടെയും തിരുത്തൽ വരുത്തേണ്ടതായ റോഡുകളുടേയും വിവരം വാർഡ് മെമ്പർമാർ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. നിലവിൽ റോഡുകളുടെ സർവ്വേ പൂർത്തീകരിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി KSREC (Kerala State Remote Sensing And Enviornment Centre) തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ

എന്നറിയുന്നതിനായി ഓഡിറ്റ് എൻകൃയറി നൽകിയിരുന്നു (നം.12/24.10.2024). നിരവധി തവണ സർവ്വേ ചെയ്തിട്ടും 4 റോഡുകളുടെ വിവരം ആർ-ട്രാക്ക് സോഫ്റ്റ്വെയറിൽ ഉൾപ്പെട്ട് വരുന്നില്ല എന്നും വെരിഫിക്കേഷൻ പൂർത്തിയായ റോഡുകളുടെ വിവരങ്ങൾ 06.09.2024-ലെ പഞ്ചായത്ത് ഭരണസമിതിയുടെ 2(2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങളാൽ സോഫ്റ്റ് വെയറിലുൾപ്പെടാത്ത റോഡുകളുടെ സർവ്വേ കൂടി പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും പഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് ലഭ്യമാകുന്നതിലെ കുറവ് ഒഴിവാക്കേണ്ടതുമാണ്.

1-26 ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ആശ്രയ ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസ് (പ്രോജക്ട് നം.209/24) എന്ന പദ്ധതിയിൽ തനതുഫണ്ട് 300000 രൂപയും വികസന ഫണ്ട് 100000 രൂപയും ഉൾപ്പെടെ 400000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ തൻവർഷം പദ്ധതി നടപ്പാക്കിയില്ല. ആയതിന് വിശദീകരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.21/24dtd25.10.24), പദ്ധതി നിർവഹണം നടത്തുന്നതിനായി ഗുണഭോക്താക്കളുടെ പട്ടിക ആവശ്യപ്പെട്ട് 02.03.24-ൽ ഭരണസമിതിക്ക് കത്തു നൽകിയതായും, ഗുണഭോക്തൃലിസ്റ്റ് ലഭ്യമാകാതിരുന്നതിനാൽ തുക ചെലവഴിക്കുന്നതിന് സാധിച്ചില്ല എന്നും മറുപടി നൽകി. എന്നാൽ ആശ്രയ പദ്ധതിയുടെ അംഗീരിച്ച ആക്ഷൻ പ്ലാനിൽ അർഹരായ 15 ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ ഇതിനായി പ്രത്യേകം ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അംഗീകരിച്ച ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിന് തുക അനുവദിക്കാതിരുന്നത് വീഴ്ചയാണ്. തുടർ നടപടികൾക്കായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-27 അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കിയില്ല

പ്രോജക്ട് നം : 208/24
അടങ്കൽ : 800000
നിർവ്വഹണം : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാൻ പ്രകാരം തയ്യാറാക്കപ്പെട്ട, ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തിയ അതിദരിദ്രർക്കുള്ള ഭവനനിർമ്മാണം എന്ന പ്രോജക്ട് തൻവർഷം നടപ്പിലാക്കിയിട്ടില്ല. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ [സ.ഉ.(എം.എസ്.)നം.84/2022/തസ്വഭവ., തീയതി 19.04.2022] നിർദ്ദേശിച്ചിട്ടുള്ള പ്രകാരം അതിദരിദ്രർക്കായി ആവിഷ്കരിക്കപ്പെട്ട പ്രസ്തുത പ്രോജക്ട് നടപ്പിലാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.19/25.10.2024), ലൈഫ് ഭവനനിർമ്മാണ പദ്ധതിയുടെ അധിക ധനസഹായമായാണ് അതിദരിദ്രർക്കുള്ള പ്രോജക്ട് ആവിഷ്കരിച്ചതെന്നും, വകയിരുത്തിയ ബ്ലോക്ക് ഫണ്ട് ലഭിക്കാതിരുന്നത് മൂലമാണ് പദ്ധതി നടപ്പാക്കാൻ കഴിയാതിരുന്നതെന്നും 2024-25-ൽ പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ടെന്നും മറുപടി നൽകി. സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ശബ്ദമുയർത്താൻ കഴിയാത്തതും, അടിസ്ഥാന അതിജീവന ആവശ്യങ്ങൾ ലഭിക്കാത്തവരും, പരസഹായം ഇല്ലാതെ ദൈനംദിന ജീവിതം മുൻപോട്ടു കൊണ്ടുപോകാൻ കഴിയാത്തതുമായ അതിദരിദ്ര വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി, അവർക്കായി വ്യക്തിഗത സൂക്ഷ്മതല പദ്ധതികൾ നടപ്പിലാക്കി അതിദാരിദ്ര്യത്തിൽ നിന്നും കരകയറ്റുക എന്നതാണ് മൈക്രോ പ്ലാനിന്റെ ലക്ഷ്യം. പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനു ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-28 ലൈഫ് ഭവന നിർമ്മാണ പദ്ധതി - നാല് വർഷമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ മുൻ വർഷങ്ങളിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച രണ്ട് ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	വിഭാഗം	വർഷം	നല്കിയ തുക	നിലവിലെ അവസ്ഥ
1.	വിനോദ് സി.ബി., ചാനക്കുഴിയിൽ	ജനറൽ	2020-21	200000	ബേസ് മെന്റ്

	ഹൗസ്, കൂറ്റൂർ (വാർഡ്-6)				
2.	രാജേഷ് രാജൻ, വല്യഴത്തിൽ	എസ്.സി.പി	2020-21	270000	ലിന്റൽ ലെവൽ

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.24/25.10.24), ഗുണഭോക്താക്കൾക്ക് തുടർച്ചയായി നോട്ടീസ് നൽകിയതായും എന്നാൽ ശ്രീ വിനോദ് ഭവന നിർമ്മാണം പുനരാരംഭിച്ചിട്ടില്ലായെന്നും, ശ്രീ രാജേഷ് 2024 ഡിസംബർ 31-ന മുൻപ് പണികൾ പൂർത്തിയാക്കുമെന്നും മറുപടി നൽകിയിട്ടുണ്ടെന്നും വി.ഇ.ഒ. അറിയിച്ചു. ഭവനനിർമ്മാണം തുടരാത്ത പക്ഷം നാളിതുവരെ ധനസഹായമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-29 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ആവിഷ്കരിച്ച പ്രോജക്കുകളുടെ നിർവ്വഹണം കാര്യക്ഷമമല്ല

ഫണ്ട് ലഭ്യമായിരിക്കുകയും, പ്രോജക്ടിന്റെ അംഗീകാര നടപടികൾ യഥാസമയം പൂർത്തിയാക്കുകയും ചെയ്തിട്ടും പ്രോജക്കുകൾ പൂർണ്ണമായി നിർവ്വഹണം നടത്താത്തത് കാരണം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ഗണ്യമായ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

2023-24-ൽ ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ലഭ്യതയും വിനിയോഗവും സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു.

	ബെയ്സിക് ഗ്രാന്റ്	ടൈഡ് ഫണ്ട്
മുന്നിരിപ്പ്	629257	4919205
വരവ്	2047319	1427000
ആകെ	2676576	6346205
ചെലവ്	573000	2980878
നീക്കിയിരിപ്പ്	2103576	3365327

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നടത്തിയ പ്രോജക്കുകളുടെ കണക്കുകൾ താഴെ ചേർക്കുന്നു.

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
1	സെക്രട്ടറി	3	1	678980	573000	84.39
2	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (1)	9	4	1139360	449315	39.44
3	ഐ.സി.ഡി.എസ് സൂപ്പർവൈസർ	1	0	1000000	0	0
4	അസിസ്റ്റന്റ് എഞ്ചിനീയർ	8	6	6173560	2531563	41.01
	ആകെ	21	11	8991900	3553878	39.52

പദ്ധതികൾക്ക് ആകെ വകയിരുത്തിയ 8991900 രൂപയിൽ 3553878 രൂപ (39.52%) മാത്രമാണ് ചെലവഴിച്ചത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിലുണ്ടായിട്ടുള്ള ഗ്രാമപഞ്ചായത്ത് വീഴ്ചയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (20/25.10.2024) CFC ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച പദ്ധതികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഫണ്ട് ചെലവഴിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണ സമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-30 ഡിപ്പോസിറ്റ് പ്രവൃത്തികൾ- 1.19 കോടി രൂപയുടെ വിനിയോഗ സാക്ഷ്യപത്രം

ലഭിക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിന് KSEB, KWA എന്നീ ഏജൻസികളിൽ നൽകിയിട്ടുള്ള മുൻകൂർ തുകയിൽ (മുൻവർഷങ്ങളിൽ ഉൾപ്പെടെ) 11923325 രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി വാർഷിക കണക്കുകളിൽ നിന്നും വ്യക്തമാകുന്നു. മുൻകൂർ തുകകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

ഏജൻസി	അവശേഷിക്കുന്ന തുക
കേരള വാട്ടർ അതോറിറ്റി	5482687
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	6440638
ആകെ	11923325

നിക്ഷേപ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.09/23.10.24), 28.10.24-ന് ഏജൻസികൾക്ക് കത്ത് നൽകിയതായി സെക്രട്ടറി അറിയിച്ചു. തുടർനടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-31 അംഗനവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടത് അനിവാര്യമാണ്. ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം അങ്കണവാടികളുടെ നിലവിലുള്ള സ്ഥിതിവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ ഇല്ല

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 20 അങ്കണവാടികളിൽ 8 എണ്ണത്തിനു മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. 9 എണ്ണം വാടകക്കെട്ടിടത്തിലും 3 എണ്ണം വാടകരഹിതമായും പ്രവർത്തിക്കുന്നു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയിൽ 46-ാം നമ്പർ അങ്കണവാടിക്ക് മാത്രമാണ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടുള്ളത്. മറ്റ് അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിന് പദ്ധതികൾ നടപ്പാക്കിയിട്ടില്ല. എല്ലാ അങ്കണവാടികൾക്കും ഫിറ്റ്നെസ്സ് ലഭിച്ചിട്ടുണ്ട്. കുടിവെള്ളം, വൈദ്യുതി സൗകര്യങ്ങൾ എല്ലാ അങ്കണവാടികളിലും ലഭ്യമാണ്. 57-ാം നമ്പർ അങ്കണവാടിക്ക് ടോയ്ലറ്റ് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. വാർഷിക കണക്കുകൾ പ്രകാരം അനുപൂരക പോഷകാഹാര പദ്ധതിക്ക് കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ 855192 രൂപ ചെലവഴിക്കാതെ അവശേഷിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെന്ററുകളുടെ അധികവാടക നൽകുന്നില്ല

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 9 അങ്കണവാടികളിൽ വാടക നൽകുന്നതിന് വകുപ്പിൽ നിന്ന് നൽകുന്ന പ്രതിമാസ തുക 2000 രൂപയാണ്. ഇവയിൽ മൂന്ന് എണ്ണത്തിന്റെ വാടക 2000 രൂപയിൽ അധികമാണ്. അധികമായി നൽകേണ്ടിവരുന്ന തുക അങ്കണവാടി പ്രവർത്തകർ തന്നെയാണ് നൽകുന്നത്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം അധിക വാടക നൽകേണ്ടി വരുന്ന അങ്കണവാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സെന്റർ നമ്പർ	യഥാർത്ഥ പ്രതിമാസ വാടക	ലഭിക്കുന്ന തുക	പ്രതിമാസം അധികം കണ്ടെത്തേണ്ടി വരുന്ന തുക
46	3000	2000	1000
53	3000	2000	1000
153	2500	2000	500

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടകയിനത്തിൽ സർക്കാരിൽ നിന്ന് ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം അതത് തദ്ദേശഭരണ സ്ഥാപനം വഹിക്കേണ്ടതാണെന്ന് 22.03.2011-ലെ സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ

ഇതു പ്രകാരം വാടക നൽകാൻ നാളിതുവരെ ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ടി സർക്കുലറിലെ നിർദ്ദേശം പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-32 വാതിൽപ്പടി സേവനം ലഭ്യമാക്കിയില്ല

സദ്ഭരണ പദ്ധതിയുടെ ഭാഗമായി വാതിൽപ്പടി സേവനത്തിന് ആവശ്യമായ ലാപ്ടോപ്പ്, ബയോമെട്രിക് ഉപകരണങ്ങൾ, അക്ഷയ കേന്ദ്രത്തിന് നൽകേണ്ട ഫീസ്, സന്നദ്ധ പ്രവർത്തകർക്ക് നൽകേണ്ട ഇന്ധന/യാത്രാച്ചെലവ് എന്നിവയ്ക്കായി പഞ്ചായത്തുകൾ 1 ലക്ഷം രൂപയിൽ അധികരിക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കി വയ്ക്കേണ്ടതാണെന്ന് 19.4.2022-ലെ സ.ഉ.(കൈ)84/22/തസ്വഭവ നമ്പർ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. എന്നാൽ 2023-24 സാമ്പത്തിക വർഷം വാതിൽപ്പടി സേവനത്തിനായി തനത് ഫണ്ടിൽ നിന്നും 100000 രൂപ അടങ്കലായി പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പിലാക്കിയില്ല. വാതിൽപ്പടി സേവനം നടപ്പാക്കാത്തത് സംബന്ധിച്ച് നൽകിയ എൻകെയറിക്ക് (നം.14/24.10.2024) വാതിൽപ്പടി സേവനം ആവശ്യമുള്ള ഗുണഭോക്താക്കൾ ഇല്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. വാതിൽപ്പടി സേവനം ആവശ്യമുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ പഞ്ചായത്ത് സർവ്വെ നടത്തിയത് സംബന്ധമായ രേഖകൾ ലഭ്യമല്ല. സർവ്വേ നടത്തിയിട്ടില്ലാത്ത പക്ഷം അർഹതയുള്ളവരെ സർവ്വേ നടത്തി കണ്ടെത്തേണ്ടതും പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനും വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1-33 ഹെൽത്ത് ഗ്രാന്റ് വിനിയോഗം 27.9 ശതമാനം മാത്രം

ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ 925913 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ് (പലിശ ഉൾപ്പെടെ)	ആകെ	ചെലവഴിച്ച തുക	അവശേഷിക്കുന്ന തുക	ചെലവ് ശതമാനം
Health Grant Towards Support For Diagnostic Infrastructure To The PHC	121640	806106	927746	118447	809299	12.77
Health Grant Towards Conversion Of PHC Into Health And Wellness Center	11997	344617	356614	240000	116614	67.30
ആകെ	133637	1150723	1284360	358447	925913	27.91

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ 925913 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതിന് കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (നം.25/26.10.2024) മറുപടി ലഭ്യമാക്കി. ഹെൽത്ത് & വെൽനസ്സ് സെന്ററിന് വേണ്ടി അനുവദിച്ച ഗ്രാന്റിൽ 80000 രൂപ Branding - Co Branding ഭാഗമായി ചെലവഴിച്ചിട്ടുണ്ടെന്നും 11997 രൂപയ്ക്ക് പ്രോജക്ട് രൂപീകരിച്ച് ഡി.പി.സി. അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും, ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചറിന് അനുവദിച്ച തുക നടപ്പ് വർഷം ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആതുര സേവനരംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

1-34 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വീഴ്ച

2023-24 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള 37 സ്പിൽ ഓവർ പദ്ധതികളിൽ 20 എണ്ണവും, 27 പുതിയ പ്രോജക്ടുകളിൽ 2 എണ്ണവും മാത്രമാണ് നടപ്പാക്കിയത്. 42 പ്രോജക്ടുകളിൽ തൻവർഷം തുക ചെലവഴിക്കപ്പെട്ടിട്ടില്ല. പ്രോജക്ടുകളുടെ വിശകലനം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	വകയിരുത്തിയ തുക	ചെലവഴിച്ച തുക

വികസന ഫണ്ട് (ജനറൽ)	824249	592499
വികസന ഫണ്ട് (എസ്.സി.പി.)	1253903	230450
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	6173560	2531563
മെയിന്റനൻസ് ഫണ്ട് (റോഡ്)	11823500	2486171
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	2093402	422000
ആകെ (ഗ്രാന്റിനം)	22168614	6262683
കേന്ദ്രാവിഷ്കൃത ഫണ്ട്	753302	0
തനത് ഫണ്ട്	2665980	880780
മറ്റുള്ളവ	750000	536715
ആകെ	4169282	1417495
ഒട്ടാകെ	26337896	7680178

പൊതുവിഭാഗം വികസന ഫണ്ട് വകയിരുത്തിയ 3 പ്രോജക്ടുകളിൽ ഒരു പ്രോജക്ടിലും ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ 8 പ്രോജക്ടുകളിൽ 2 പ്രോജക്ടുകളിലും തുക ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗം വികസന ഫണ്ട് വകയിരുത്തി 4 പ്രോജക്ടുകളിൽ ഒന്ന് മാത്രമാണ് നടപ്പാക്കിയത്. റോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയ 29 പ്രോജക്ടുകളിൽ 10 പ്രോജക്ടിലും, റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയ 8 പ്രോജക്ടുകളിൽ 1 പ്രോജക്ടിലുമാണ് ചെലവുള്ളത്. പൊതുമരാമത്ത് മേഖലയിൽ ആകെ വകയിരുത്തിയ തുകയിൽ 29.16% മാത്രമാണ് ചെലവ്. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കാത്തത് സർക്കാർ ഗ്രാന്റ് ലാപ്സാക്കാനിടയാക്കുന്നതാണ്.

തുക ചെലവഴിക്കപ്പെട്ടിട്ടില്ലാത്ത പ്രോജക്ടുകളുടെ വിശകലനം താഴെപ്പറയുന്നു.

ടെണ്ടർ ലഭിക്കാത്തത്	1
എഗ്രിമെന്റ് വച്ചിട്ടും പ്രവർത്തി പൂർത്തീകരിക്കാത്തത്	26
പ്രവൃത്തി പൂർത്തീകരിച്ച് 2024-25 ബില്ലിംഗ് പ്രോസസ്സ് നടക്കുന്നവ	12
ഉപേക്ഷിച്ച പദ്ധതികൾ	3

3 പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ട്. വ്യക്തമായ മുന്നൊരുക്കത്തോടെ പ്രോജക്ടുകൾ രൂപീകരിക്കാത്തതിനാൽ മേൽ പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായി. ഈ വിഷയത്തിൽ നിർവ്വഹണോദ്യോഗസ്ഥന്റേയും ഭരണസമിതിയുടേയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. കരാർ വച്ചിട്ടും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ പി.ഡബ്ല്യു.ഡി മാനുവൽ പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെണ്ടർ, റീ ടെണ്ടർ എന്നിവ ക്ഷണിച്ചിട്ടും ടെണ്ടർ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ കാട്ടേഷൻ ക്ഷണിച്ച് പണി പൂർത്തീകരിക്കേണ്ടതാണ്. ഉപേക്ഷിക്കപ്പെട്ട പദ്ധതികളൊഴികെയുള്ള മരാമത്ത് പ്രവർത്തികളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-35 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക ഉത്തരവാദിത്തത്തിൽപ്പെടുന്ന ഖരമാലിന്യ പരിപാലനം ഫലപ്രദമായി നടപ്പാക്കുന്നതിന് കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ നിന്നും കണ്ടെത്തിയ ഹരിതകർമ്മ സേനാംഗങ്ങളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും ഒരുമിച്ചുള്ള പ്രവർത്തനം ഏറെ മുന്നേറിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തരം തിരിക്കപ്പെട്ട അജൈവ മാലിന്യം വാതിൽപ്പടി ശേഖരണത്തിലൂടെ ശേഖരിച്ച മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ എത്തിച്ച് തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നു. കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം 2019 വർഷം മുതൽ നടന്നു വരുന്നു.

അടിസ്ഥാനവിവരങ്ങൾ

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 14 വാർഡുകളായി 20 ഹരിതകർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ഒരു എം.സി.എഫ്, 11 മിനി എം.സി.എഫുകൾ എന്നിവ നിലവിലുണ്ട്. 14 മിനി എം.സി.എഫുകൾ കൂടി സ്ഥാപിക്കുന്നതിന് എം.ജി.എൻ.ആർ.ജി.എസ് പദ്ധതികളുണ്ട്. ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടില്ല. ഉറവിട മാലിന്യ സംസ്കരണത്തിനായി 30 ബയോബിൻ വീടുകൾക്ക് നൽകിയിട്ടുണ്ട്. വേസ്റ്റ് കളക്ഷനായി ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ 5240 ഭവനങ്ങളിലും 388 സ്ഥാപനങ്ങളിലും ഹരിതകർമ്മ സേനയുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത

ഹരിതകർമ്മ സേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ കലണ്ടർ പ്രകാരം നിർവഹിക്കുന്നുണ്ട്. ഓരോ വാർഡുകളിലും 90 വീതം വീടുകൾ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലസ്റ്റർ രൂപീകരിച്ച് ഹരിത കർമ്മസേനയെ ക്ലസ്റ്ററുകളാക്കി തിരിച്ച് എല്ലാ മാസവും മാലിന്യം നീക്കം ചെയ്യുന്നു. വീടുകളിലും സ്ഥാപനങ്ങളിലും QR കോഡ് പതിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരുന്നു.

മാലിന്യ വേർതിരിവ് പാലിക്കൽ

നിലവിൽ അജൈവ മാലിന്യങ്ങൾ മാത്രമാണ് ഹരിതകർമ്മ സേന ശേഖരിക്കുന്നത്. ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽവെച്ച് തന്നെ വേർതിരിക്കുന്നുണ്ട്. ജൈവമാലിന്യങ്ങൾ ഉത്പാദകർ തന്നെ സംസ്കരിക്കുന്നു. വൃത്തിയാക്കിയ അജൈവ മാലിന്യം മെയിൻ എം.സി.എഫിൽ എത്തിക്കുകയും തരംതിരിച്ചശേഷം, ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു.

റീസൈക്ലിംഗ്

ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്ന് പുനരുപയോഗസാധ്യതയുള്ളവ കണ്ടെത്തി ഉപയുക്തമാക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ ഇല്ല. റീസൈക്ലിംഗിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ ആദായകരമാക്കാവുന്നതാണ്.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ക്യാമ്പയിൻ, പഞ്ചായത്ത് വിജ്ഞാപനം എന്നിവ നടപ്പാക്കിയിട്ടുണ്ട്. സ്കൂളുകൾ, ഘടക സ്ഥാപനങ്ങൾ എന്നിവ ഹരിത സ്ഥാപനങ്ങളാക്കി മാറ്റുകയും അയൽക്കൂട്ടങ്ങൾ മുഖേന വീട്ടുമുറ്റ സദസ്സുകൾ സംഘടിപ്പിക്കുകയും മാലിന്യ സംസ്കരണം സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

പ്രതിമാസം ശരാശരി 9000 രൂപ ഒരു ഹരിത സേനാംഗത്തിന് ലഭിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഫണ്ടിന്റെ അപര്യാപ്തത മൂലം ആശ്രയ-അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ വിഹിതം പ്രോജക്ട് മുഖേന ഹരിതകർമ്മ സേനയുടെ കൺസോർഷ്യം അക്കൗണ്ടിലേക്ക് കൈമാറുന്നില്ല. ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാന വർദ്ധനവിനായി പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

അടിസ്ഥാന സൗകര്യ വികസനം

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി 11 മിനി എം.സി.എഫുകളും, ഒരു എം.സി.എഫും സ്ഥാപിച്ചിട്ടുണ്ട്. 6,7,11 എന്നീ വാർഡുകളിൽ എം.സി.എഫ് സംവിധാനമില്ല. നിലവിലുള്ള എം.സി.എഫ് കെട്ടിടത്തിൽ അടിസ്ഥാന സൗകര്യം പര്യാപ്തമല്ല. തരം തിരിക്കലിനും മാലിന്യ ശേഖരണത്തിനുമായി എം.സി.എഫിൽ ടിപ്പിങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിംഗ് ഏരിയ എന്നിങ്ങനെ തിരിച്ചിട്ടില്ല. റാക്കുകൾ സ്ഥാപിച്ച് മാലിന്യം തരംതിരിച്ച് സൂക്ഷിക്കാത്തത് മൂലം സ്ഥലപരിമിതി സംജാതമാകുകയും മാലിന്യ സംസ്കരണത്തിന് തടസ്സമാകുകയും ചെയ്യുന്നുണ്ട്. 2021-ൽ ഉദ്ഘാടനം നടന്നതാണെങ്കിലും എം.സി.എഫ് കെട്ടിടത്തിൽ വൈദ്യുതി, വാട്ടർ കണക്ഷൻ ഇവ ഇല്ല. എം.സി.എഫ് കെട്ടിടത്തിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2024-25-ൽ ത്രീഫേസ് വൈദ്യുതി കണക്ഷൻ, ടോയ്ലറ്റ് സംവിധാനം, ബെയ്ലിംഗ് മെഷീൻ, റാക്ക് തിരിക്കൽ, എൻടൻസും തറയും ടൈൽ ഇടുക, സോർട്ടിംഗ് ടേബിൾ വാങ്ങൽ എന്നിവയ്ക്കായി 21.5 ലക്ഷം രൂപയോളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഹരിതകർമ്മ സേനയ്ക്ക് സ്വന്തമായി വാഹനം ഇല്ല. വാടകയ്ക്ക് എടുത്ത വാഹനത്തിലാണ് മാലിന്യ ശേഖരണം നടത്തുന്നത്. ജില്ലാ പഞ്ചായത്ത് 2023-24-ൽ വാഹനം നൽകാൻ പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പായില്ല. നിലവിൽ ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും വാഹനം പഞ്ചായത്തിന് ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മ സേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് റിവ്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്. വീടുകളിലും ഭവനങ്ങളിലും പതിപ്പിച്ചിട്ടുള്ള ക്യൂ.ആർ. കോഡുകൾ സ്കാൻ ചെയ്യുന്നതുവഴി, ഹരിതകർമ്മ സേനയ്ക്ക് ലഭ്യമാകുന്ന വരുമാനം, ശേഖരിച്ച മാലിന്യത്തിന്റെ അളവ്, മുതലായവ ഹരിതമിത്ര ആപ്ലിക്കേഷൻ മുഖേന വിലയിരുത്തുന്നതിനും ലഭിക്കുന്ന വരുമാനത്തിന്റെ ധനവിനിയോഗ പ്രക്രിയകൾ വിലയിരുത്തുന്നതിനും കഴിയും.

പാരിസ്ഥിതിക ആഘാതം-കൈക്കൊണ്ട നടപടികൾ

മാലിന്യം പൊതുനിരത്തിൽ വലിച്ചെറിയൽ, നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ വില്പന, വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന എന്നീ ഇനങ്ങളിൽ നാളിതുവരെ 8 പേർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. 2 വ്യക്തികൾക്കെതിരെ ആർ.ആർ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മ സേനാംഗങ്ങൾക്ക് ക്ലീൻ കേരളാ കമ്പനിയിൽ നിന്നും പ്രാഥമിക പരിശീലനം, IRTC-യിൽ നിന്നും സെഗ്രിഗേഷനിൽ തുടർ പരിശീലനം, കെൽട്രോണിൽ നിന്നും ക്യൂ.ആർ കോഡ് സംബന്ധമായ പരിശീലനം എന്നിവ ലഭിച്ചിട്ടുണ്ട്.

പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി

മാലിന്യം സോർട്ട് ചെയ്യാനും സംഭരിക്കാനുമായി പ്രത്യേകം ഇടങ്ങൾ സജ്ജമാക്കാത്തതിനാൽ ശേഖരിച്ച മാലിന്യങ്ങൾ അടുക്കി സൂക്ഷിക്കാനും എം.സി.എഫ് പ്രവർത്തനങ്ങൾക്കായി നിലവിലെ സ്ഥലം ഉപയോഗിക്കാനും സാധിക്കാത്ത അവസ്ഥയാണുള്ളത്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് വേണ്ട അടിസ്ഥാന ആവശ്യങ്ങളായ ടോയ്ലറ്റ്, വാട്ടർ കണക്ഷൻ, വൈദ്യുതി, ഓഫീസ് റൂം എന്നിവ ഇല്ലാത്തതും സേനാംഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നതാണ്.





ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ യഥാവിധി നിറവേറ്റിക്കൊണ്ട് മാലിന്യ മുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപ്പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ശുപാർശകൾ

1. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് പദ്ധതി പൂർണ്ണമായി നടപ്പിലാക്കി, പഞ്ചായത്തിലെ എല്ലാ ഭവനങ്ങളേയും, സ്ഥാപനങ്ങളേയും ഹരിതകർമ്മ സേനയുടെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. നിലവിൽ 82 ശതമാനം പദ്ധതി ലക്ഷ്യം മാത്രമാണ് കൈവരിക്കാനായത്.
2. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പുവരുത്താവുന്നതാണ്.
3. ഹരിതകർമ്മ സേനാംഗങ്ങളുടെ തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.
4. ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസ്സമ്മതിക്കുന്നവർക്കെതിരെ നിയമാനുസൃതമുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കാവുന്നതാണ്.
5. എം.സി.എഫിൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 4/DC1/202/തസ്വഭവ നമ്പർ സർക്കുലർ തീയതി – 11.10.2021 പ്രകാരമുള്ള ഫയർ ആന്റ് സേഫ്റ്റി എൻ.ഒ.സി. ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

6. ഹരിത കർമ്മസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
7) പൊതു പരിപാടികളിൽ ഹരിത കർമ്മസേനയുടെ സേവനം ഉറപ്പാക്കാവുന്നതാണ്.
8) പൊതു ഇടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാവുന്നതും നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാവുന്നതുമാണ്

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മരണമടഞ്ഞ സാമൂഹ്യ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തില്ല – സർക്കാർ ഖജനാവിന് 14,400 രൂപയുടെ നഷ്ടം

പഞ്ചായത്തിൽനിന്നും സാമൂഹ്യ ക്ഷേമ പെൻഷൻ ക്ഷേമ പെൻഷൻ കൈപ്പറ്റിക്കൊണ്ടിരുന്ന ഗുണഭോക്താക്കളുടെ മരണം രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ക്ഷേമപെൻഷൻ സസ്പെന്റ് ചെയ്യേണ്ടതായിരുന്നു. അപ്രകാരമുള്ള നടപടി സ്വീകരിക്കാതിരുന്നതു വഴി ടിയാളുകളുടെ മരണത്തിന് ശേഷവും അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറുകയുണ്ടായി. ഈ ഇനത്തിൽ 14,400 രൂപയുടെ നഷ്ടം സംസ്ഥാന സർക്കാരിന് ഉണ്ടായി. അധികമായി അനുവദിച്ച തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നോ, മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അനന്തരവകാശികളിൽനിന്നോ തിരികെ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് (വിശദാംശങ്ങൾക്ക് ഖണ്ഡിക 1-16 കാണുക).

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ട് നം, പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാപഞ്ചായത്ത്	100000	84/24, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – ജനറൽ	100000	0
ജില്ലാപഞ്ചായത്ത്	200000	57/24, അങ്കണവാടി അനുപൂരക പോഷകാഹാരം	200000	0
ജില്ലാപഞ്ചായത്ത്	320000	27/24, ലൈഫ് ഭവന പദ്ധതി-ജനറൽ	320000	0
ബ്ലോക്ക് പഞ്ചായത്ത്	660000	75/24, ലൈഫ് ഭവന പദ്ധതി-എസ്.സി	660000	0
ബ്ലോക്ക് പഞ്ചായത്ത്	30000	99/24, അംഗൻവാടി സ്മാർട്ട് ആക്കൽ	30000	0
ബ്ലോക്ക് പഞ്ചായത്ത്	110000	84/24, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ജനറൽ	110000	0
ബ്ലോക്ക് പഞ്ചായത്ത്	100000	57/24, അങ്കണവാടി അനുപൂരക പോഷകാഹാരം	100000	0
ബ്ലോക്ക് പഞ്ചായത്ത്	680000	27/24, ലൈഫ് ഭവന പദ്ധതി-ജനറൽ	680000	0
ബ്ലോക്ക് പഞ്ചായത്ത്	23594	69/24, ക്ഷീരോൽപാദകർക്ക് പാലിന്	23594	0

		സബ്സിഡി		

4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി.	ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	36224	0	36224
വാട്ടർ അതോറിറ്റി	ഡിസ് കണക്ഷൻ ഓഫ് വാട്ടർ ടാപ്സ്	292600	0	292600

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

4-4 വായ്പ/വായ്പാ തിരിച്ചടവ്

വായ്പയുടെ പേര്/ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം തൻവർഷം ലഭിച്ച വായ്പ	ആകെ	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് ഭവന പദ്ധതി - കെ.യു.ആർ.ഡി.എഫ്.സി വായ്പ	0	860000	860000	487195	372805

4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2012-13	2-4	2012-13	2	ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തയില്ല	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്
2014-15	2-2	2016-17	അനുബന്ധം-4	തൊഴിൽ നികുതി	
2015-16	2-2	2016-17	അനുബന്ധം-5	തൊഴിൽ നികുതി	

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	106395136
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	107100119
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	14400
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	14,400	ശ്രീമതി സുനീത ആർ. പണിക്കർ, സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി സുനീത ആർ. പണിക്കർ സെക്രട്ടറി	സെക്രട്ടറി, കുറ്റൂർ ഗ്രാമപഞ്ചായത്ത്	ലക്ഷ്മി നന്ദനം, ഓമല്ലൂർ പി.ഒ പത്തനംതിട്ട, പിൻ – 689647

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	എൽ.എഫ്.പിറ്റി.എ/പി3/395/98 തീയതി-11.1.2000/13.3.2000	1 (ഖ – 26)
1998-99	എൽ.എഫ്.പിറ്റി.എ/പി3/455/01 തീ.9.11.2001/25.1.2002	10 (33, 44, 45, 55, 56, 57, 60, 61, 62, 69(f), (G), (H), (I), (J), (K), (M), (O), (P)
1999-2000	എൽ.എഫ്.പിറ്റി.എ/പി4/610/02 തീ.03.3.2003/19.4.2003	12 (ഖ. 25, 51, 52, 53, 54, 55, 56, 57, 58, 59, 64, 66, 67)
2000-01	എൽ.എഫ്.പിറ്റി.എ/പി4/289/03 തീ.09.10.2003/16.12.2004	13 (ഖ.43 മുതൽ 55 വരെ)
2001-02	എൽ.എഫ്.പിറ്റി.എ/പി4/582/04 തീ.14.10.2004/14.2.2005	9 (2-13 മുതൽ 2-20 വരെ), 3(f)
2002-03 (ചെലവ്)	എൽ.എഫ്.പിറ്റി.എ/പി8/535/06 തീ.04.10.2006/06.8.2007	1 (ഖ. 2-4)
2003-04	എൽ.എഫ്.പിറ്റി.എ/പി5/568/08	1 (ഖ. 3-2)

	തീ.30.5.2009	
2006-07	എൽ.എഫ്.പിറ്റി.എ/പി11/171/11 തീ.30.11.2011	10 (3-11 To 3-15 , 3-19, 3-21, 3-22, 3-26, 3-27)
2007-08 മുതൽ 2009-10 വരെ	എൽ.എഫ്.പിറ്റി.എ/പി11/821/12 തീ.19.10.2012/22.3.2013	2 (3-3, 3-7)
2010-11 മുതൽ 2012-13 വരെ	എൽ.എഫ്.പിറ്റി.എ/പി11/1055/13 തീ.16.10.2014	6 (3-6, 3-11, 3-12, 3-13, 3-22, 3-23)ലക്ഷ്മി നന്ദനം, ഓമല്ലൂർ പി.ഒ, പത്തനംതിട്ട, പിൻ – 689647
2013-14 മുതൽ 14-15 വരെ	എൽ.എഫ്.പി.റ്റി.എ.പി4/295/16 തീ.28.3.16/1.4.16	4 (2-2, 3-3, 3-9, 4-2)
2015-16	കെ.എസ്.എ.പി.റ്റി.എ.പി4/1115/16/ തീ.5.10.2016	13 (2-2, 3-1, 3-6, 3-10, 3-14, 3-16, 3-17, 3-18, 3-19, 3-21, 3-24, 3-25, 4-2)
2016-17	കെ.എസ്.എ.പി.റ്റി.എ.പി4/1031/17 തീ.15.09.17	12 (2-2, 2-5, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 4-2)
2017-18	കെ.എസ്.എ.പി.റ്റി.എ.പി4.1521/2018 തീയതി 12.12.2018	13 (2-1, 2-5, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-12, 3-14, 3-15, 3-16, 4-2)
2018-19	നം.കെ.എസ്.എ.പിറ്റിഎ.പി4-710/19 തീയതി 17.08.2019	18 (2-1, 2-3, 2-4, 2-6, 2-7, 2-8, 2-9, 3-1, 3-4, 3-8, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-18, 4-1)
2019-20	കെ.എസ്.എ.പിറ്റിഎ.പി4 – 609/2021 തീയതി 01.10.2021	12 (1-11, 1-12. 1-13, 1-14, 1-15, 1-17, 1-18, 1-20, 1-21, 2-1, 4-8, 4-11)
2020-21	കെ.എസ്.എ.പിറ്റിഎ.പി4 – 610/21 തീയതി 02.10.21	21 (1-11, 1-12. 1-13 1-13(1), 1-13(2), , 1-14, 1-15, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 4-11)
2021-22	കെ.എസ്.എ.പിറ്റിഎ.പി4 – 1432/2022 തീയതി 14.02.2022	9 (1-12, 1-14, 1-15, 1-18, 1-19, 1-20, 1-24, 1-25, 1-26)
2022-23	കെ.എസ്.എ.പിറ്റിഎ.പി4 –906/2023 തീയതി 15.09.2023	8 (1-14, 1-16, 1-17, 1-18, 1-22, 1-24, 1-25, 1-27)

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 06-06-2024 and submitted on 10-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the KUTTOOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of KUTTOOR Grama Panchayat as on 31-03-2024

Date: 01/11/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of KUTTOOR Grama Panchayat for the Year 2023-2024.

1.Major Observations

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

2.Other Observations

1. The mandatory financial statements such as notes to accounts and ratios prescribed in accounting rules are not submitted for audit.

2. Net decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3. The liability shown in Balance sheet schedule B-4 in respect of **Fund for transferred institutions Homoeopathy-** is incorrect.

4. The asset shown in Balance sheet schedule B-18 in respect of **advance to implementing officers** is incorrect.
5. Demand entries of Tax and Non tax revenues are not timely recorded.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കൂറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്